**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 195 11-06-12 ൽ മറുപടിക്ക്**

**ആക്സിസ് ബാങ്കിലെ കെ.എസ്.എഫ്.ഇ.യുടെ അക്കൗണ്ട്**

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി : | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. സ്വകാര്യ ബാങ്കായ ആക്സിസ് ബാങ്കിൽ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ബാങ്കിന്റെ ഏതെല്ലാം ശാഖകളിലാണ് ; | (ബി) | നിലവിൽ കെ.എസ്.എഫ്.ഇ.യുടെ താഴെ കൊടുത്തിട്ടുള്ള ഏഴ് ശാഖകൾക്ക് ആക്സിസ് ബാങ്കിൽ കറണ്ട് അക്കൗണ്ട് ഉണ്ട്. |
| (സി) | സ്വകാര്യ ബാങ്കിൽ കെ.എസ്.എഫ്.ഇ. അക്കൗണ്ട് ആരംഭിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ; | | **(സി)യും (ഡി)യും**<br>കാലങ്ങളായി കെ.എസ്.എഫ്.ഇ. നാഷണലൈസ്ഡ് ബാങ്കുകളും, കോ-ഓപ്പറേറ്റീവ് ബാങ്കുകളും കൂടാതെ ഷെഡ്യൂൾഡ് ബാങ്കുകളായ ഫെഡറൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക് തുടങ്ങിയ ബാങ്കുകളുമായി ഇടപാടുകൾ നടത്തി വരുന്നു. ഇത്തരം ബാങ്കുകളുടെ ശാഖകൾ കെ.എസ്.എഫ്.ഇ. ശാഖകളുടെ വളരെ അടുത്ത് സ്ഥിതി ചെയ്യുന്നതിനാലും, നല്ല സർവ്വീസ് നൽകുന്നതിനാലും ശാഖകളുടെയും റീജണൽ ഓഫീസുകളുടെയും സ്വീകാര്യത / ശുപാർശ തുടങ്ങിയ വസ്തുതകൾ |
| (ഡി) | കെ.എസ്.എഫ്.ഇ. സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള തുക സ്വകാര്യ ബാങ്കുകളുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത ബാങ്കുകളുടെ വിശദാംശവും മാറ്റപ്പെട്ട തുകയും വ്യക്തമാക്കുമോ ? | | |

| | KSFE ശാഖ | ആക്സിസ് ബാങ്ക് ശാഖ |
|---|---|---|
| 1 | മാവേലിക്കര | മാവേലിക്കര |
| 2 | കൊല്ലം മെയിൻ | കൊല്ലം |
| 3 | തിരുവല്ല | തിരുവല്ല |
| 4 | വികാസ് ഭവൻ | പട്ടം |
| 5 | ഉള്ളൂർ | പട്ടം |
| 6 | ചാല | കിള്ളിപ്പാലം |
| 7 | മംഗലപുരം | കഴക്കൂട്ടം |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്തുമാണ് പ്രസ്തുത ബാങ്കുകളിൽ അക്കൗണ്ട് ആരംഭിക്കുന്നത്. കമ്പനിയുടെ സർപ്ലസ് ഫണ്ട് ട്രഷറികളിലാണ് നിക്ഷേപിച്ച് വരുന്നത്. കമ്പനിയുടെ ശാഖകളുടെ ബിസിനസ്സ് ആവശ്യങ്ങളിലേയ്ക്കായി (ചിട്ടിപ്പണം നൽകാനും ലോൺ നൽകുന്നതിനും) കമ്പനിയുടെ ഹെഡ്ഡാഫീസിൽ നിന്നും ട്രഷറികളിലെ പണം ആവശ്യാനുസരണം പിൻവലിച്ച് മേൽപറഞ്ഞ ബാങ്കുകൾ വഴി കമ്പനിയുടെ റീജണൽ ഓഫീസുകൾക്ക് നൽകി വരുന്നു. 2011 നവംബർ മുതൽ മെയ് 2012 വരെ കമ്പനി ട്രഷറികളിൽ 152.50 കോടി രൂപ പുതുതായി സ്ഥിര നിക്ഷേപം നടത്തുകയും, 44.17 കോടി രൂപ പുതുക്കി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ കമ്പനി 22.99 കോടി രൂപയുടെ സ്ഥിര നിക്ഷേപം പിൻവലിക്കുകയും ആയത് മേൽപ്പറഞ്ഞ ബിസിനസ്സ് ആവശ്യങ്ങൾക്കായി മേൽപ്പറഞ്ഞിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം ഇടപാടു നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ